# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പന്തളം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്സ്.എ.പി.റ്റി.എ.പി12/932/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 03/02/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പന്തളം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)അസിസ്റ്റന്റ് ഡെവലപ്പമെന്റ് കമ്മീഷണർ(ജനറൽ), പത്തനംതിട്ട

2)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
3)ഓഫീസ് കോപ്പി

നമ്പർ: കെ.എസ്സ്.എ.പി.റ്റി.എ.പി12/932/2021 തീയ്യതി: 03/02/2022

## പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ഹബീബ് മുഹമ്മദ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 13-12-2021 | 24-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-12-2021 | 24-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സി അനിൽ കുമാർ (ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ജയപ്രഭ പി. (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീ പി. അനിൽകുമാർ (സീനിയർ ഗ്രേഡ് ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി രേഖാ അനിൽ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി രേഖാ അനിൽ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ അന്ന മാത്യു ജോർജ് | സെക്രട്ടറി | 01-04-2020 | 08-02-2021 |
| ശ്രീമതി ഹേമ എസ്സ് | സെക്രട്ടറി | 15-02-2021 | 18-02-2021 |
| ശ്രീമതി ഹേമ എസ്സ് | സെക്രട്ടറി | 15-02-2021 | 18-02-2021 |
| ശ്രീമതി ജീവ എൻ | സെക്രട്ടറി-**ഇൻ**-ചാ**ർ**ജ്ജ് | 09-02-2021 | 14-02-2021 |
| ശ്രീമതി ജീവ എൻ | സെക്രട്ടറി-**ഇൻ**-ചാ**ർ**ജ്ജ് | 19-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.ശ്രീകല കെ.എസ്സ് | മെഡിക്കൽ ഓഫീസർ(കുടുംബാരോഗ്യ കേന്ദ്രം, തുമ്പമൺ) | 01-04-2020 | 31-03-2021 |
| ശ്രീ ആരിഫ് മുഹമ്മദ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 25-06-2020 |
| ശ്രീമതി ശ്രീജക്കുഞ്ഞമ്മ | അസിസ്റ്റന്റ് എൻജിനീയർ | 26-06-2020 | 31-03-2021 |
| ശ്രീമതി ആശ വി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 01-04-2020 | 06-01-2021 |
| ശ്രീ അനൂപ് സി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 07-01-2021 | 15-02-2021 |
| ശ്രീമതി ബിന്ദു എസ്സ് കരുണാകരൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 16-02-2021 | 24-02-2021 |
| ശ്രീമതി ബിന്ദു വി എസ്സ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 24-02-2021 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി ബിജി ജി എസ്സ് | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി പ്രിയദർശിനി എസ്സ് | ശിശു വികസന പദ്ധതി ഓഫീസർ(കുളനട) | 01-04-2020 | 31-03-2021 |
| ശ്രീ ജയപ്രസാദ് കെ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ ജോയ്സി കെ കോശി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.പ്രദീപ് കുമാർ കെ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 09-03-2021 |
| ശ്രീമതി ശ്രീകല എസ്സ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 10-03-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Johncy John (Computer Assistant, On 07-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: P Anilkumar (Senior Grade Auditor, On 29-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Johncy John (Computer Assistant, On 07-01-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Johncy John (Computer Assistant, On 07-01-2022) | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകത<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Johncy John (Computer Assistant, On 07-01-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Johncy John (Computer Assistant, On 07-01-2022) | 1-5 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: C. Anilkumar (Audit Officer, On 29-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 1-6 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Johncy John (Computer Assistant, On 25-01-2022) | 1-7 |
| 9 | രസീതു പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: P Anilkumar (Senior Grade Auditor, On 29-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 1-8 |
| 10 | മോട്ടോർ തറയ്ക്ക് ഇലക്ട്രിക് കണക്ഷൻ - പ്രോജക്റ്റ് പാതിവഴിയിൽ<br>Written By: P Anilkumar (Senior Grade Auditor, On 29-12-2021)<br>Last Updated By: Johncy John (Computer Assistant, On 07-01-2022) | 1-9 |
| 11 | മരാമത്ത് പ്രവൃത്തിയുടെ ഭാഗമായി നീക്കം ചെയ്ത ചെളിമണ്ണ് ഗ്രാമ പഞ്ചായത്തിന് കൈമാറുകയോ ലേല നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല<br>Written By: C. Anilkumar (Audit Officer, On 29-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 1-10 |
| 12 | ജി.എസ്.ടി കോമ്പൻസേഷൻ - കരാറുകാർ സെൽഫ് ഡിക്ലറേഷൻ ഫാറം ലഭ്യമാക്കില്ല<br>Written By: C. Anilkumar (Audit Officer, On 29-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 1-11 |
| 13 | പൊതുമരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘീകരണം - പിഴ ചുമത്തുന്നതിന് പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശം പാലിക്കുന്നില്ല<br>Written By: C. Anilkumar (Audit Officer, On 29-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 1-12 |
| 14 | ബാരൽ വില ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി സർക്കുലറിലെ നിർദ്ദേശം | 1-13 |

| | | |
|---|---|---|
| | പാലിക്കുന്നില്ല<br>Written By: C. Anilkumar (Audit Officer, On 29-12-2021)<br>Last Updated By: Johncy John (Computer Assistant, On 07-01-2022) | |
| 15 | അധിക നിരക്കിൽ സ്കോളർഷിപ്പ് നൽകി<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Johncy John (Computer Assistant, On 07-01-2022) | 1-14 |
| 16 | ഗുണഭോക്തൃ തെരഞ്ഞെടുപ്പിന്റെ വിശദാംശങ്ങൾ, ഹാജരാക്കിയില്ല<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 1-15 |
| 17 | ഗുണഭോക്താവിനു തന്നെയാണ് ആനുകൂല്യം നൽകിയതെന്ന് ബോദ്ധ്യപ്പെട്ടിട്ടില്ല<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 1-16 |
| 18 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ പ്രവർത്തനം മോണിറ്ററിംഗ് വിധേയമാക്കുന്നില്ല<br>Written By: P Anilkumar (Senior Grade Auditor, On 29-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 1-17 |
| 19 | സംയുക്ത പ്രോജക്ട്<br>Written By: C. Anilkumar (Audit Officer, On 29-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 1-18 |
| 20 | ആരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്നുകൾ ലഭിക്കാനവശേഷിക്കുന്നു<br>Written By: P Anilkumar (Senior Grade Auditor, On 29-12-2021)<br>Last Updated By: Johncy John (Computer Assistant, On 07-01-2022) | 1-19 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | അധിക നിരക്കിൽ സ്കോളർഷിപ്പ് നൽകി<br>Written By: Johncy John (Computer Assistant, On 07-01-2022)<br>Last Updated By: Johncy John (Computer Assistant, On 07-01-2022) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Jayaprabha P (Asst. Audit Officer, On 28-12-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Johncy John (Computer Assistant, On 07-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Jayaprabha P (Asst. Audit Officer, On 28-12-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Jayaprabha P (Asst. Audit Officer, On 28-12-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Jayaprabha P (Asst. Audit Officer, On 28-12-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Jayaprabha P (Asst. Audit Officer, On 28-12-2021) | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Johncy John (Computer Assistant, On 07-01-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Johncy John (Computer Assistant, On 07-01-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Johncy John (Computer Assistant, On 13-01-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Jayaprabha P (Asst. Audit Officer, On 28-12-2021)<br>Last Updated By: Johncy John (Computer Assistant, On 02-02-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 09.03.2020-ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യ പത്രിക

വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഷെഡ്യൂൾ ബി 3

- ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ആയി മുൻ വർഷത്തെ തുക തന്നെയാണ് കാണിച്ചിരിക്കുന്നത്. തൻവർഷം ആർജ്ജിച്ച ആസ്തികളുടെ മൂല്യം കൂട്ടിച്ചേർത്തിട്ടില്ല.

ഷെഡ്യൂൾ ബി -4

- ജോയിന്റ് വെൻച്വർ അക്കൌണ്ടിലെ നീക്കിയിരിപ്പായി 6990109 രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ ഇതിനായി പ്രത്യേക അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. അതിനാൽ ഈ തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.
- IAY അക്കൗണ്ടിന്റ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത് 5703869 രൂപയാണ്. എന്നാൽ RP40(b) പ്രകാരം ഈയിനത്തിൽ നീക്കിയിരിപ്പ് 12693978 രൂപയാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.
- ഇ ടെണ്ടർ ഫീ ഇനത്തിലുള്ള വരവു തുകകൾ നിർമ്മൽ പുരസ്കാർ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്.

ഷെഡ്യൂൾ ബി -7

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബാലൻസായി രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

ഷെഡ്യൂൾ ബി -9

2021 മാർച്ച് മാസത്തെ ഓണറേറിയം, താത്കാലിക ജീവനക്കാരുടെ ശമ്പളം മുതലായ ചെലവുകൾ ഒന്നുംതന്നെ ബാദ്ധ്യതയായി കാണിച്ചിട്ടില്ല.

ഷെഡ്യൂൾ ബി -11(a)

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ കണക്ക പ്രകാരം പാർട്ട് ബിൽ ഇനത്തിലുള്ള ചെലവ് 126012 രൂപയാണ്. എന്നാൽ ഈയിനത്തിൽ 2589088 എന്ന് തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

ഷെഡ്യൂൾ ബി -18

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവിനായി മുൻകൂർ തുകകൾ നൽകിയിട്ടുണ്ട്. എന്നാൽ ഇത് അക്കൗണ്ട് ചെയ്തിട്ടില്ല.

തൻവർഷം കെ.എസ്.ഇ.ബി., കേരള വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ മുൻകൂർ നൽകിയ തുകകൾ യഥാക്രമം 6365183, 833117 എന്നിവ പൂർണ്ണമായും അക്കൗണ്ട് ചെയ്തിട്ടില്ല.

ഷെഡ്യൂൾ RP3

വാടകയിനത്തിൽ തൻവർഷം 13000 രൂപ വരവുണ്ട്. 9100 രൂപ മാത്രമേ അക്കൗണ്ട്സിൽ ഉൾപ്പെട്ടിട്ടുള്ളൂ.

ഷെഡ്യൂൾ RP4

Penalties And Fines ഇനത്തിൽ ട്രഷറി അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്ത തുകയല്ല സാംഖ്യയിൽ ചേർത്തിട്ടുള്ളത്.

ഷെഡ്യൂൾ I 12(b) & I14(a)

ചെലവ് തുകകൾ നെഗറ്റീവ് ആയി അക്കൗണ്ട് ചെയ്തിരിക്കുന്നു.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27270267 |

| | |
|---|---|
| വരവ് | 60509428 |
| ആകെ | 87779695 |
| ചെലവ് | 72585572 |
| നീക്കിയിരിപ്പ് | 15194123 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | നീക്കിയിരിപ്പിൽ | |
|---|---|---|---|---|---|---|---|
| | | | | | | ട്രഷറി ക്യൂബിൽ | ലാപ്സായത് |
| വികസന ഫണ്ട് (ജനറൽ) | 0 | 23608179 | 23608179 | 22419760 | 1188419 | 0 | 1188419 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 18845309 | 18845309 | 16607973 | 2237336 | 0 | 2237336 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 146000 | 146000 | 59748 | 86252 | 0 | 86252 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക് ഗ്രാന്റ് ) | 0 | 4430000 | 4430000 | 4145409 | 284591 | 0 | 284591 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ് ഗ്രാന്റ് ) | 0 | 4430000 | 4430000 | 2977441 | 1452559 | 0 | 1452559 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 4276000 | 4276000 | 4275892 | 108 | 0 | 108 |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകത

റോഡിതര സംരക്ഷണ ഗ്രാന്റിന്റെ രണ്ടാം ഗഡുവിൽ നിന്നും വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനായി സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക 43248 രൂപ ഗ്രാന്റ് പത്രികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 123 | 78355161 | 104 | 52540590 | 19 | 85% |

## 1-6 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണെങ്കിലും താഴെപ്പറയുന്ന കാര്യങ്ങളിൽ പോരായ്മ കാണുന്നു.

(1) ആസ്തി രജിസ്റ്റർ

ബ്ലോക്ക് പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്റർ നാലു വർഷത്തോളമായി പുതുക്കിയിട്ടെന്ന് അസി.എക്സി. എഞ്ചിനിയർ എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. നാളിതുവരെ ആർജ്ജിച്ചിട്ടുള്ള എല്ലാ ആസ്തികളുടെയും വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

(2) കരാർ ചമയ്ക്കൽ

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന വിവിധ മരാമത്ത് പ്രവൃത്തികൾക്കായി ചമയ്ക്കുന്ന കരാർ ഉടമ്പടിയിൽ കരാർ കാലാവധി സംബന്ധിച്ച് വ്യവസ്ഥ ഉൾപ്പെടുത്തുന്നില്ല. കരാർ കാലാവധി ലംഘിക്കുന്ന കരാറുകാർക്കെതിരെ നിയമ നടപടി സ്വീകരിക്കണമെങ്കിൽ പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്തിയേ മതിയാവൂ. ആയതിന് വേണ്ട നിർദ്ദേശം ഭരണ സമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.01.2020 മുതൽ 24.01.2020 വരെ | 12/2018 മുതൽ 12/2019 വരെ | ലഭ്യമാക്കിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.02.2016 മുതൽ 31.01.2017വരെ | 06.03.2017-08.03.2017 | ലഭ്യമാക്കിയിട്ടില്ല |

## 1-8 രസീതു പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിൽ 01.09.2019 മുതൽ 31.03.2021 വരെയുള്ള കാലയളവിൽ ഉപയോഗിച്ച മാനവൽ രസീത് ബുക്കുകൾ, സാംഖ്യ രസീതുകളുടെ കൗണ്ടർ ഫോയിൽ, ഡേ ബുക്ക്, രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമല്ലാത്തതിനാൽ മാനവൽ, സാംഖ്യ രസീതുകളുടെ സ്റ്റോക്കിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ 241, 242 എന്നീ നമ്പരുകളിലുള്ള മാനവൽ രസീത് ബുക്കുകളും ട്രഷറി സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ, താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

പഞ്ചായത്തിലേക്കുള്ള വരവ് തുകകൾക്ക് 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20.(ഡി) പ്രകാരമുള്ള കമ്പ്യൂട്ടർ ജനറേറ്റഡ് രസീതുകൾ ഉപയോഗിക്കുന്നതിനു പകരം മാനവൽ രസീതുകളാണ് നൽകിയിരിക്കുന്നത്.

രസീത് ബുക്ക് നം .241

രസീത് നം.72,74,75 – ചട്ടം 20(1)(സി) നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ഡബിൾ സൈഡഡ് കാർബൺ പേപ്പർ ഉപയോഗിച്ചിട്ടില്ല.

രസീത് നം.76- തീയതി രേഖപ്പെടുത്തിയിട്ടില്ല.

രസീത് നം.75 – ഒറിജിനൽ രസീതിൽ 20.09.2019 എന്ന തീയതിയും ഡ്യൂപ്ലിക്കേറ്റ് രസീതിൽ 19.09.2019 എന്ന തീയതിയും രേഖപ്പെടുത്തിയിരിക്കുന്നു.

രസീത് ബുക്ക് നം .242

രസീത് നം.1 മുതൽ 47 വരെ (ഇലക്ഷൻ ഡെപ്പോസിറ്റ് സ്വീകരിക്കാൻ ഉപയോഗിച്ചത്)– ചട്ടം 20(1)(സി) പ്രകാരമുള്ള ഡബിൾ സൈഡഡ് കാർബൺ പേപ്പർ ഉപയോഗിച്ചിട്ടില്ല.

ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ലഭിച്ച, മേൽപ്പറഞ്ഞ രസീതുകൾ മുഖേനയുള്ള വരവ് തുകകൾ സാംഖ്യയിൽ രേഖപ്പെടുത്താതിരുന്നതിനാൽ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ ഓഡിറ്റ് നിരീക്ഷണത്തിന് രേഖകൾ സഹിതം മറുപടി നൽകണമെന്നും, മാനുവൽ രസീത് ബുക്കുകൾ, സാംഖ്യ രസീതുകളുടെ കൗണ്ടർ ഫോയിൽ, ഡേ ബുക്ക്, രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നും 22.12.2021ൽ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നെങ്കിലും മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ വകുപ്പുതലത്തിൽ അന്വേഷണം നടത്തി, റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-9 മോട്ടോർ തറയ്ക്ക് ഇലക്ട്രിക് കണക്ഷൻ - പ്രോജക്ട് പാതിവഴിയിൽ

ആറന്മുള കിടങ്ങന്നൂർ, കുറിച്ചിമുട്ടം പാടശേഖരങ്ങളിൽ മോട്ടോർ തറയ്ക്ക് ഇലക്ട്രിക് കണക്ഷൻ നൽകുന്നതിനായി 15.18 ലക്ഷം രൂപ ചെലവഴിച്ചെങ്കിലും പദ്ധതി ലക്ഷ്യം കണ്ടില്ല. ഇതിനായി രണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച്, 1518317 രൂപ കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു.

| പ്രോജക്ട് നം | ചെലവ് തുക |
|---|---:|
| 155/2021 | 1000000 |
| 166/2021 | 518317 |
| ആകെ | 1518317 |

ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ, ട്രാൻസ്ഫോർമറും HT/LT വിതരണ ലൈനുകളും സ്ഥാപിച്ചിട്ടുള്ളതായി കെ.എസ്.ഇ.ബി. കത്തുമുഖേന നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ട്. മോട്ടോറും പമ്പ് സെറ്റും സ്ഥാപിച്ച്, വയറിംഗ് പൂർത്തീകരണ റിപ്പോർട്ടും മറ്റ് രേഖകളും സമർപ്പിച്ച്, കണക്ടഡ് ലോഡിന് ആനുപാതികമായി തുക ഡെപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്ക് വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതാണെന്ന് കെ.എസ്.ഇ.ബി. യുടെ കത്തിൽ പറയുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ഇതു സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കാത്തതിനാൽ പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല.

ഇതു സംബന്ധിച്ച് 16.12.2021ൽ 1-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന നിർവ്വഹണ ഉദ്യോഗസ്ഥയായ കൃഷി അസിസ്റ്റന്റ് ഡയറക്ടറോട് വിവരങ്ങൾ ആരാഞ്ഞു. പമ്പുസെറ്റ്, പെട്ടി, പറ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. ഈ വിഷയം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-10 മരാമത്ത് പ്രവൃത്തിയുടെ ഭാഗമായി നീക്കം ചെയ്ത ചെളിമണ്ണ് ഗ്രാമ പഞ്ചായത്തിന് കൈമാറുകയോ ലേല നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | എഴീക്കാട് കോളനി വെട്ടിക്കൽ പടി ശവക്കോട്ട തോട് പുനരുദ്ധാരണം(152/19, 92/20, 121/21) |
| അടങ്കൽ തുക | 800000(വികസന ഫണ്ട് ജനറൽ) |
| കരാറുകാരൻ | വിവേകാനന്ദ ലേബർ കോൺട്രാക്ട് സൊസൈറ്റി |
| കരാർ തുക | 571108 |
| എം.ബുക്ക് നം | 20/19-20 |
| പ്രവൃത്തി മൂല്യം | 495520 |
| പാർട്ട് ബിൽ തുക/ ബിൽ നം/തീയതി | 345800/- 20050663015400112536/28-04-20 |
| ഫൈനൽ ബിൽ തുക/ ബിൽ നം/തീയതി | 149720/- 20050663015400646525/21-10-20 |

ആറന്മുള ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്ന എഴീക്കാട് കോളനി വെട്ടിക്കൽ പടി ശവക്കോട്ട തോട് പുനരുദ്ധാരണത്തിന്റെ ഭാഗമായി നീക്കം ചെയ്ത 3800 ക്യ.മീറ്റർ ചെളി മണ്ണ് ഗ്രാമ പഞ്ചായത്തിന് കൈമാറുകയോ ലേലം ചെയ്യുകയോ ചെയ്തിട്ടില്ല.

2018-19 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയ ടി പ്രവൃത്തിയിൽ 1675 മീറ്റർ നീളത്തിലും 4 മീറ്റർ വീതിയിലും 0.60 മീറ്റർ ആഴത്തിലും തോട്ടിൽ നിന്ന് ചെളിമണ്ണ് എടുത്ത് മാറ്റി നീരൊഴുക്ക് സുഗമമാക്കുന്നതിനും തോടിന് സമീപമുള്ള പാട ശേഖരങ്ങളിൽ കൃഷിക്ക് ആവശ്യമായ വെള്ളം ലഭ്യമാക്കുന്നതിനും വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തത്. മണ്ണ്, ജല സംരക്ഷണ പ്രവൃത്തികൾ വികസന ഫണ്ട് വിനിയോഗിച്ച് ഏറ്റെടുക്കാമെങ്കിലും തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണെന്ന് പതിമൂന്നാം പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖയിലെ (സ.ഉ നം.11/2018/തസ്വഭവ, തിരു. തീയതി : 29-01-18) നിർദ്ദേശം പരിഗണിക്കാതെയാണ് ടി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആറന്മുള ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട ടി തോടിന്റെ പുനരുദ്ധാരണം ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്നതിന് ഗ്രാമ പഞ്ചായത്തിന് തടസ്സമില്ലെന്ന് ഗ്രാമ പഞ്ചായത്ത് കമ്മിറ്റി 12-10-2019 ലെ 1(1)ാം നമ്പർ തീരുമാനം കൈക്കൊണ്ടതിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

ഇ ടെണ്ടർ മുഖേന മാലക്കര ലേബർ കോൺട്രാക്ട് സൊസൈറ്റി പ്രസിഡന്റ് ശ്രീ.ജെൻസൺ പാപ്പി 08-03-19 ൽ കരാർ ചമച്ച് ഏറ്റെടുത്ത ടി പ്രവൃത്തി 26-03-20ൽ സ്പിൽ ഓവറായി പൂർത്തീകരിച്ചു. രണ്ട് മാസം മാത്രം കരാർ കാലാവധി അനുവദിച്ചിരുന്ന ടി പ്രവൃത്തി പൂർത്തീകരിച്ചത് ഒരു വർഷത്തിന് ശേഷമാണ്. കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് കരാറുകാരൻ അപേക്ഷിച്ചിട്ടില്ല. കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയോ ചെയ്യാതെയാണ് സ്പിൽ ഓവറായി പ്രവൃത്തി പൂർത്തീകരിച്ചത്. പാർട്ട്/ ഫൈനൽ പേയ്മെന്റായി കരാറുകാരന് നികുതികൾ, ഫൈൻ എന്നിവ കഴിച്ച് ആകെ 460833 രൂപ നൽകിയിട്ടുണ്ട്.

ടി പ്രവൃത്തിയുടെ ലെവൽ ഫീൽഡ് ബുക്ക്, കാൽക്കുലേഷൻ ഷീറ്റ് എന്നിവ അനുസരിച്ച് 3800 ക്യ.മീറ്റർ ചെളി മണ്ണെടുത്ത് മാറ്റിയത് 20/19-20ാം നമ്പർ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് അസി.എക്സി.എഞ്ചിനിയർ ചെക്ക് മെഷർ ചെയ്തിട്ടുണ്ട്.

ടി തോട്ടിൽ നിന്നും നീക്കം ചെയ്ത മണ്ണ് തോടിന്റെ സമീപത്ത് നിക്ഷേപിച്ചിട്ടുണ്ടെന്നും ആയത് ലേലം നടത്തുന്നതിനായി വില നിശ്ചയിച്ച് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ ആറന്മുള ജില്ലാ മൈനിംഗ് & ജിയോളജി ഓഫീസർക്ക് 23-04-20 ൽ കത്ത് നൽകുകയും 24-06-20 ൽ ഓർമ്മക്കുറിപ്പ് നൽകുകയും ആറന്മുള ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് 24-06-20 ൽ ഓർമ്മക്കുറിപ്പ് നൽകുകയും ചെയ്തു. ഗ്രാമ പഞ്ചയത്തിന്റെ ആസ്തിയായ തോട്ടിൽ നിന്നും നീക്കം ചെയ്ത മണ്ണ് ഗ്രാമ പഞ്ചായത്തിന് രേഖാമൂലം കൈമാറിയിട്ടില്ല. ഗ്രാമ പഞ്ചായത്തോ ജിയോളജിസ്റ്റോ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

വല്ലന എഴീക്കാട് പാടശേഖര നെല്ലുൽപ്പാദക സമിതി സെക്രട്ടറി ശ്രീ.ബിജു.പി അസി. എഞ്ചിനിയർക്ക് നൽകിയ തീയതി വയ്ക്കാത്ത കത്തിൽ "വെട്ടിക്കൽ ശവക്കോട്ട എഴീക്കാട് ചാൽ ആഴംകൂട്ടിയത് പാടശേഖരത്തിലെ നെൽകൃഷിക്ക് യോഗ്യമാക്കിയിട്ടുണ്ടെന്നും ആഴംകൂട്ടലിന്റെ ഭാഗമായി ഏകദേശം 200 മീറ്റർ ഭാഗത്തെ ചെളിമണ്ണ് ബണ്ട് നിർമ്മാണത്തിന് ഉപയോഗിച്ചതിന് ബാക്കിയായി മിച്ചം വന്നിട്ടുള്ളതായും ബാക്കി വന്ന ചെളി, മണ്ണ് എന്നിവ ഘട്ടം ഘട്ടമായി ബണ്ട് നിർമ്മാണത്തിന് ആവശ്യമാണെന്നും ആയത് ഉപയോഗിച്ചുകൊള്ളാമെന്നും" അറിയിച്ചിട്ടുണ്ട്. പദ്ധതിയിൽ വിഭാവനം ചെയ്യാത്ത തരത്തിൽ ബണ്ട് നിർമ്മാണത്തിന് ചെളിമണ്ണ് ഉപയോഗിക്കാൻ ബ്ലോക്ക് പഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെയോ ഗ്രാമ പഞ്ചായത്തിന്റെയോ അനുമതിയില്ലാതെ അന്യായമായി ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ നിന്നും ലഭ്യമായ ചെളിമണ്ണ് ബണ്ട് നിർമ്മാണത്തിന് ഉപയോഗിച്ചതിന് ബ്ലോക്ക് പഞ്ചായത്ത് എന്ത് നിയമ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കേണ്ടതാണ്.

പന്തളം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 14-09-2020 ലെ 1(4) ാം നമ്പർ തീരുമാനത്തിൽ " എഴീക്കാട് കോളനിയിൽ വെട്ടിക്കൽ പടി - ശവക്കോട്ട തോട് പുനരുദ്ധാരണം എന്ന പ്രവൃത്തി ചെയ്ത കരാറുകാരൻ ഫൈനൽ ബിൽ പ്രകാരം കരാറുകാരന് നൽകാതെ പിടിച്ചിട്ടിരിക്കുന്ന ബാക്കി തുക നൽകണമെന്ന് ആവശ്യപ്പെട്ട് സമീപിച്ചിട്ടുണ്ടെന്നും പ്രവൃത്തി നിർവ്വഹിച്ചപ്പോൾ ലഭിച്ച മണ്ണ് തോടിന്റെ വശങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും ഈ മണ്ണ് സംബന്ധിച്ച മേൽ നടപടികൾക്കായി മൈനിംഗ് & ജിയോളജി വകുപ്പിനെയും ആറന്മുള ഗ്രാ പഞ്ചായത്ത് സെക്രട്ടറിയേയും അറിയിച്ചിട്ട്

യാതൊരുവിധ നടപടികളും ഉണ്ടാകാത്തതിനാലാണ് ബിൽ തുക പൂർണ്ണമായും നൽകാതിരുന്നതെന്നും പ്രസ്തുത സാഹചര്യത്തിൽ ടി കരാറുകാരന് ബാക്കി തുക നൽകുന്നത് ഉചിതമാണെന്ന് അസി. എഞ്ചിനിയർ രേഖാമൂലം അറിയിച്ചതിനാലും അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ ആയത് ശരിവയ്ക്കുകയും മേൽ വിഷയവുമായി ബന്ധപ്പെട്ട കത്ത് കമ്മറ്റിയിൽ ചർച്ച ചെയ്യുകയും ചെയ്ത സാഹചര്യത്തിൽ, പാടശേഖര സമിതിക്ക് ടി മണ്ണ് കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കാമെന്നുള്ള പാടശേഖര സമിതിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് ബാക്കി തുക നൽകാവുന്നതാണെന്ന് കമ്മിറ്റി വിലയിരുത്തുകയും, ആയതിനോട് അനുബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് എൽ.എസ്.ജി.ഡി എ.ഇ യെ കമ്മിറ്റി ചുമതലപ്പെടുത്തിയിട്ടുണ്ട്."

ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 21-10-2020 ലെ സാംഖ്യാ ബിൽ പ്രകാരം ഫൈനൽ ബിൽ തുക കരാറുകാരന് നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഫയൽ, അളവ് പുസ്തകം, ലെവൽ ഫീൽഡ് ബുക്ക്, കാൽക്കുലേഷൻ ഷീറ്റ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾക്ക് വ്യക്തത വരുത്തുന്നതിനായി ഓഡിറ്റ് അന്വേഷണ കുറിപ്പ്(10/22-12-2021) നൽകിയിരുന്നു.

(1)എഴീക്കാട് കോളനിയിൽ വെട്ടിക്കൽ പടി - ശവക്കോട്ട തോട് പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ ഭാഗമായി നീക്കം ചെയ്ത ചെളിമണ്ണ് ബണ്ട് നിർമ്മാണത്തിന് ഉപയോഗിച്ചതായി അസി.എഞ്ചിനിയർ വ്യക്തമാക്കിയെങ്കിലും പാടശേഖര സമിതി ബണ്ട് നിർമ്മാണത്തിന് എത്രമാത്രം ചെളിമണ്ണ് ഉപയോഗിച്ചിട്ടുണ്ടെന്നും നിലവിൽ ചെളിമണ്ണ് അവശേഷിച്ചിട്ടുണ്ടെന്നും അസി എഞ്ചിനിയർ വ്യക്തമാക്കിയില്ല.

(2)എസ്റ്റിമേറ്റ് അനുസരിച്ച് 1675 മീറ്റർ നീളത്തിലും 4 മീറ്റർ വീതിയിലും 0.60 മീറ്റർ ആഴത്തിലും തോട്ടിൽ നിന്ന് 4020 ക്യു.മീറ്റർ ചെളിമണ്ണ് എടുത്ത് മാറ്റുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. എന്നാൽ ലെവൽ ഫീൽഡ് ബുക്ക്, കാൽക്കുലേഷൻ ഷീറ്റ് എന്നിവയനുസരിച്ച് ചെയിനേജ് "0"മീറ്റർ മുതൽ ചെയിനേജ് "1200"മീറ്റർ വരെ 1200 മീറ്റർ നീളത്തിൽ മണ്ണ് നീക്കം ചെയ്തതിന്റെ അളവാണ് കണക്കാക്കിയിട്ടുള്ളത്. ബാക്കിയുള്ള 475 മീറ്റർ നീളത്തിൽ തോട്ടിൽ നിന്നും ചെളിമണ്ണ് നീക്കം ചെയ്തിട്ടില്ല.

പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി നീക്കം ചെയ്ത ചെളിമണ്ണ് രേഖാമൂലം കൈമാറി ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാഞ്ഞതുമൂലം തനത് ഫണ്ടിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലക്ഷങ്ങളുടെ നഷ്ടവും സർക്കാരിന് റോയൽറ്റി ഇനത്തിലും നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(10/22-12-2021) ലഭ്യമാക്കിയ മറുപടിയിൽ ടി തോട് ചെന്ന് ചേരുന്നത് വളരെ വിശാലമായ പുഞ്ചയുടെ നടുവിലാണെന്നും അവിടെ നിന്നും ചെളിമണ്ണ് എടുത്ത് രണ്ട് സൈഡിലോട്ടും ഇടുന്നതിനുള്ള ബുദ്ധിമുട്ട് കാരണം 1200മീറ്ററിലാണ് പ്രവൃത്തി നടത്തിയിരിക്കുന്നതെന്ന് അറിയിച്ചു. തോട്ടിൽ നിന്ന് വശങ്ങളിൽ നിക്ഷേപിച്ച ചെളിയുടെ വിലനിശ്ചയിക്കുന്നതിനും ലേല നടപടികൾക്കുമായി മൈനിംഗ് & ജിയോളജി വകുപ്പിനെയും ആറന്മുള ഗ്രാമ പഞ്ചായത്തിനെയും യഥാസമയം അറിയിച്ചിരുന്നെന്നും അസി.എഞ്ചിനിയർ മറുപടിയിൽ പ്രസ്താവിച്ചു. തോട്ടിൽ നിന്നും വശങ്ങളിൽ കോരിയിട്ട ചെളിമണ്ണ് നിലവിൽ ബണ്ടായി രൂപപ്പെട്ടിട്ടുണ്ടെന്നും തന്മൂലം തോട്ടിലെ വെള്ളം പാടശേഖരത്തേക്ക് കടക്കാതെ കൃഷി സുഗമമായി നടത്തുവാൻ സാധിക്കുകയും ചെയ്യുന്നുണ്ടെന്ന് നിലവിലെ അസി.എഞ്ചിനിയർ വിശദീകരിച്ചിട്ടുണ്ട്.

അസി.എഞ്ചിനിയറുടെ മറുപടിയിൽ പറയുന്ന ബണ്ട് നിർമ്മാണം പദ്ധതിയിൽ വിഭാവനം ചെയ്തിട്ടില്ലാത്തതാണ്. തോട്ടിലെ ചെളിമണ്ണ് നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കി കൃഷിക്ക് ഉപയോഗപ്രദമാക്കുന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. എസ്റ്റിമേറ്റിൽ പറയുന്നതിനേക്കാൾ 475 മീറ്റർ നീളത്തിൽ കുറവായാണ് ചെളിമണ്ണ് നീക്കം ചെയ്തത് എന്നിരുന്നാലും പദ്ധതി ഏറക്കുറെ ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ നിന്നും നീക്കം ചെയ്ത ചെളിമണ്ണ് രേഖാമൂലം ഗ്രാമ പഞ്ചായത്തിന് കൈമാറി ഗ്രാമ പഞ്ചായത്തായിരുന്നു ലേല നടപടികൾ സ്വീകരിക്കേണ്ടിയിരുന്നത്. ലെവൽ ഫീൽഡ് ബുക്ക്, കാൽക്കുലേഷൻ ഷീറ്റ് എന്നിവ അനുസരിച്ച് കണക്കാക്കിയ 3800 ക്യു.മീറ്റർ ചെളിമണ്ണ് ഗ്രാമ പഞ്ചായത്തിന് കൈമാറുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് തീരുമാനം കൈക്കൊണ്ടിട്ടുമില്ല. ആയത് സാങ്കേതിക വിഭാഗത്തിന്റെയും ഭരണ സമിതിയുടെയും ഭാഗത്ത് നിന്നുള്ള വീഴ്ച്ചയാണ്. ബ്ലോക്ക് പഞ്ചായത്തോ ഗ്രാമ പഞ്ചായത്തോ തീരുമാനം കൈക്കൊണ്ട് പദ്ധതിയിൽ പറഞ്ഞിട്ടില്ലാത്ത തരത്തിൽ ബണ്ട് നിർമ്മാണം നടത്തുന്നതിന് വല്ലന എഴീക്കാട് പാടശേഖര നെല്ലുൽപ്പാദക സമിതിയെ ചുമതലപ്പെടുത്തിയതായി രേഖകളില്ല. ഈ സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ നിന്നും ലഭ്യമായ ചെളിമണ്ണുപയോഗിച്ച് സമിതി നടത്തിയ ബണ്ട് നിർമ്മാണം അനധികൃതമാണെന്നാണ് ഓഡിറ്റിന്റെ അഭിപ്രായം. ഈ വിഷയത്തിൽ സമഗ്ര അന്വേഷണം നടത്തുന്നതിനായി ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 1-11 ജി.എസ്.ടി കോമ്പൻസേഷൻ - കരാറുകാർ സെൽഫ് ഡിക്ലറേഷൻ ഫാറം ലഭ്യമാക്കില്ല

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20, 2020-21 വർഷങ്ങളിൽ പുതിയതായി ആവിഷ്കരിച്ച് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾക്ക് 12% ജി.എസ്.ടി കോമ്പൻസേഷൻ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. സ.ഉ(സാധാ) നം. 2432/2018/ത.സ്വ.ഭ.വ/ 29-09-18 പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ ക്ലയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പൂർണ്ണമായ മേൽ വിലാസം, ജി.എസ്.ടി നമ്പർ എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലറേഷൻ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി സമർപ്പിക്കേണ്ട മാതൃകയും സർക്കാർ ഈ ഉത്തരവിനോടൊപ്പം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാതൃകയുടെ നാല് പകർപ്പുകൾ തയ്യാറാക്കേണ്ടതും ഒരെണ്ണം അസി.എക്സി.എഞ്ചിനിയർ/അസി.എഞ്ചിനിയറുടെ ഓഫീസിലും രണ്ടെണ്ണം ജി.എസ്.ടി വകുപ്പിലും നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശം പാലിക്കാതെയാണ് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിട്ടുള്ളത്. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ഒന്നിലും തന്നെ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി സൂക്ഷിച്ചിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിനും ഇക്കാര്യത്തിൽ സാങ്കേതിക വിഭാഗത്തിന് സംഭവിച്ച വീഴ്ച്ച ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/16-12-21) അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ ഫണ്ട് ചെലവാക്കുന്ന തിരക്ക് മൂലവും സ്റ്റാഫിന്റെ കുറവും മൂലമാണ് പ്രസ്തുത ഡിക്ലറേഷൻ വാങ്ങി സൂക്ഷിക്കാൻ കഴിയാതെ പോയതെന്ന് അറിയിച്ചു. നടപ്പ് വർഷം മുതൽ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കുന്നതാണെന്നും സാങ്കേതിക വിഭാഗം അറിയിച്ചു. ടി രണ്ടു വർഷങ്ങളിലും ജി.എസ്.ടി കോമ്പൻസേഷൻ നൽകിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും പ്രസ്തുത ഡിക്ലറേഷന് ലഭ്യമാക്കി ഫയൽ ക്രമപ്പെടുത്തി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-12 പൊതുമരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘീകരണം - പിഴ ചുമത്തുന്നതിന് പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശം പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നത് 1997 ലെ കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, ജി.ഒ(പി) നം.13/2012 /PWD/01-02-2012 ഉത്തരവ് പ്രകാരം 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ, പദ്ധതി മാർഗ്ഗ രേഖ, മറ്റ് സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങളിൽ പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിലെ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് ടി ചട്ടങ്ങളിലെ ചട്ടം 18 ൽ നിഷ്കർഷിച്ചിട്ടുണ്ട്.

പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിനുള്ള കാലതാമസത്തിന് പിഴ ചുമത്തുന്നത് സംബന്ധിച്ച് 1997 ലെ കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിൽ പ്രതിപാദി ച്ചിട്ടില്ലാത്തതിനാൽ പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശമാണ് പാലിക്കേണ്ടത്. പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയ ദീർഘീകരണം ആദ്യ തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ് അതിൽ അധികരിക്കുവാൻ പാടില്ല. കാലാവധി ദീർഘിപ്പിക്കുന്നതിന് ഒറിജിനൽ കാലാവധിക്കുള്ളിൽ അസി.എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ്. അപ്രകാരം അപേക്ഷ നൽകുന്ന പ്രവൃത്തികളിൽ ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിൽ പരമാവധി 50000 രൂപയും ആദ്യ തവണക്ക് ശേഷം 2% നിരക്കിലും പരമാവധി 100000 രൂപ എന്ന ക്രമത്തിലും പിഴ ഈടാക്കേണ്ടതാണ്. പരമാവധി ദീർഘിപ്പിക്കാവുന്ന കാലാവധി ഒറിജിനൽ സമയത്തിന്റെ 50 ശതമാനത്തിൽ അധികരിക്കാവുന്നതല്ല. ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-08-2018ലെ എ.സി. 2/223/15ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്നു മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

1997 ലെ കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 18 ന് ഭേദഗതി വരുത്താത്ത സാഹചര്യത്തിൽ കരാറുകാർ വരുത്തുന്ന കാലതാമസത്തിന് 18-08-2018 ന് ശേഷം പൊതുമരാമത്ത് മാന്വൽ അനുസരിച്ചുള്ള പിഴയാണോ അല്ലാത്തപക്ഷം തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-08-2018ലെ ടി സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള തരത്തിലാണോ പിഴയീടാക്കേണ്ടതെന്നുള്ള

കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൽ.എസ്.ജി.ഡി. എഞ്ചിനിയറിംഗ് വിഭാഗത്തിന് വ്യക്തതയില്ല. ബ്ലോക്ക് പഞ്ചായത്തിലെ എൽ.എസ്.ജി.ഡി. എഞ്ചിനിയറിംഗ് വിഭാഗത്തിൽ പിഴയീടാക്കുന്നത് മാന്വൽ അനുസരിച്ചോ ടി ഉത്തരവ് അനുസരിച്ചോ അല്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | കാലാവധി | മാന്വൽ അനുസരിച്ച് ചുമത്തേണ്ട പിഴ | ചുമത്തിയ പിഴ | കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | എഴീക്കാട് കോളനി വെട്ടിക്കാട്ട് പടി ശവക്കോട്ട തോട് പുനരുദ്ധാരണം(152/19, 92/20, 120/21)<br>കരാറുകാരൻ : വിവേകാനന്ദ ലേബർ കോൺട്രാക്ട് സൊസൈറ്റി,മാലക്കര<br>എഗ്രിമെന്റ് നം./ തീയതി :34/AE /LSGD/PDM Block 152/18-19 /08-03-19<br>PAC: 799256<br>പ്രവൃത്തിയുടെ കാലാവധി : 2മാസം<br>ആരംഭിച്ച തീയതി : 08-03-19<br>പൂർത്തീകരിച്ച തീയതി: 24-03-20<br>പാർട്ട് ബിൽ നം. / തീയതി : 20050663015400112536/28-04-20<br>തുക 345800/-<br>ഫൈനൽ ബിൽ നം. / തീയതി : 20050663015400646525/21-10-20<br>തുക 149720/- | 23-05-2019 മുതൽ 06-06-2019 വരെ<br>07-06-2019 മുതൽ 21-06-2019 വരെ<br>ആകെ | 7993<br>15986<br>23979 | 9910 | 14069 | മാന്വൽ പ്രകാരമാണോ 18-08-18 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണോ പിഴ ചുമത്തിയതെന്ന് വ്യക്തമാക്കിയിട്ടില്ല. |
| 2. | ആറാട്ടുപുഴ -ആറാട്ട് കടവ് റോഡ് (48/19, 78/20, 120/21)<br>കരാറുകാരൻ : സജിത്ത്.കെ<br>എഗ്രിമെന്റ് നം./ തീയതി : 11/AEE/LSGD/PDM Block /48/18-19 /15-09-18<br>PAC : 499241<br>പ്രവൃത്തിയുടെ കാലാവധി : 4മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി : 15-09-18<br>പൂർത്തീകരിച്ച തീയതി: 26-03-20<br>പാർട്ട് ബിൽ നം. / തീയതി : 01/19-20/23-05-19 | 15-01-2019 മുതൽ 14-02-2019 വരെ<br>15-02-2019 മുതൽ 15-03-2019 വരെ | 4992<br>9984 | 8559 | 6417 | മാന്വൽ പ്രകാരമാണോ 18-08-18 ലെ ഉത്തരവിന്റെ അടിസ്ഥാനതതിലാണോ പിഴ ചുമത്തിയതെന്ന് വ്യക്തമാക്കിയിട്ടില്ല. |

| | | | | | | |
|---|---|---|---|---|---|---|
| | 340543/-<br>ഫൈനൽ ബിൽ നം./ തീയതി : 14/20-21/29-04-20 | | | | | |
| | 87387/- | ആകെ | 14976 | | | |
| | | | 38955 | 18469 | 20486 | |

കേരള പഞ്ചായത്ത് രാജ് /കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിൽ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് പിഴ ചുമത്തുന്നത് സംബന്ധിച്ച് പറഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പിഴ ചുമത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/24-12-21) അസി. എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. തദ്ദേശ സ്ഥാപനത്തിന് ലഭിക്കുന്ന തനത് വരുമാനം എന്ന നിലയിൽ പിഴ കൃത്യതയോടെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. പിഴയീടാക്കുന്നതിന് അവലംബിക്കേണ്ടത് പൊതുമരാമത്ത് മാന്വൽ തന്നെയാണോ എന്നുള്ള കാര്യത്തിൽ വ്യക്തത വരുത്തുന്നതിനായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 ബാരൽ വില ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി സർക്കുലറിലെ നിർദ്ദേശം പാലിക്കുന്നില്ല

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം നടപ്പാക്കിയ ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ആയതിന്മേലുള്ള ജി.എസ്.ടിയും കുറവ് ചെയ്ത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിരിക്കുകയാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.59827/ഫ്.എം./07 ത.സ്വ.ഭ.വ/ 30-10-17 അനുസരിച്ച് ഏത് ഫണ്ടിൽ നിന്നാണോ ടാറിംഗ് പ്രവൃത്തികൾക്കായി തുക ചെലവഴിച്ചിട്ടുള്ളത് പ്രസ്തുത ഫണ്ടിലേക്ക് ബാരൽ വില ക്രഡിറ്റ് ചെയ്യുകയാണ് ചെയ്യേണ്ടത്. എന്നാൽ സെക്രട്ടറിയുടെ അക്കൗണ്ടിൽ നില നിർത്തിയിട്ടുള്ള ബാരൽ വില കൺസോളിഡേറ്റഡ് ഫണ്ടിലേക്കും ജി.എസ്.ടി ചരക്ക് സേവന നികുതി വകുപ്പിലേക്കും നാളിതുവരെ ഒടുക്ക് വരുത്തിയിട്ടില്ലാത്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | ബാരലിന്റെ എണ്ണം | കുറവ് ചെയ്ത ബാരൽ വില | കുറവ് ചെയ്ത ജി.എസ്.ടി |
|---|---|---|---|---|
| 1. | നെയ്യുകാരൻ വിജയപുരം റോഡ് ടാറിംഗ്, തുമ്പമൺ ഗ്രാമപഞ്ചായത്ത് (51/20, 104/21)<br>അടങ്കൽ : 500000(DF Gnrl)<br>കരാറുകാരൻ : ജിജി വർഗ്ഗീസ്<br>ഫൈനൽ ബിൽ തുക : 475037<br>ബിൽ നം./ തീയതി : 20050663015400009269/11-04-20 | 12 | 2856 | 516 |
| 2. | നെയ്യുകാരൻ വിജയപുരം റോഡ് ടാറിംഗ് തുമ്പമൺ ഗ്രാ. പ(60/21)<br>കരാറുകാരൻ : ജിജി വർഗ്ഗീസ്<br>അടങ്കൽ : 500000(DF Gnrl)<br>ഫൈനൽ ബിൽ തുക : 455612/-<br>ബിൽ നം./ തീയതി : 20050663015401302928/20-03-201 | 12 | ബാരൽ വില യായ2856 രൂപ കഴിച്ചുള്ള തുക യാണ് ഫൈനൽ ബിൽ പ്രകാരം മാറിയിട്ടുള്ളത് | 514 |
| | ആകെ | 24 | 2856 | 1030 |

ബാരൽ വിലയിനത്തിലുള്ള ടി 2856 രൂപ സഞ്ചിത നിധിയിലേക്കും 1030 രൂപ ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്ക് വരുത്തുന്നതിനായി ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഓഡിറ്റ് അന്വേഷണ കുറിപ്പ് (13/24-12-21) നൽകിയതിന് അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. തുക ബന്ധപ്പെട്ട ഹെഡ്ഡിൽ ഒടുക്ക് വരുത്തി റിപ്പോർട്ട് ചെയ്യുകയും ഭാവിയിൽ എൽ.എസ്.ജി. ഡി. സർക്കുലർ പാലിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-14 അധിക നിരക്കിൽ സ്കോളർഷിപ്പ് നൽകി

ബിരുദ വിദ്യാർത്ഥികൾക്ക് അർഹമായതിലും അധിക നിരക്കിൽ സ്കോളർഷിപ്പ് നൽകിയതിനാൽ വികസന ഫണ്ടിൽ നിന്നും കൂടുതലായി ചെലവഴിച്ചത് 60000 രൂപ.

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖാ ഉത്തരവ് (22/2018/തസ്വഭവ. തീയതി 14.02.2018) ഖണ്ഡിക 7.2.5പ്രകാരം ബിരുദ വിദ്യാർത്ഥികൾക്ക് ഒരു വർഷം 20000 രൂപ മെറിറ്റോറിയസ് സ്കോളർഷിപ്പായി നൽകാവുന്നതാണ്. എന്നാൽ ചുവടെ ചേർക്കുന്ന വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി വികസന ഫണ്ട് വകയിരുത്തിയ പ്രോ.നം. 24/2020-2021പ്രകാരം നിശ്ചിത നിരക്കിലും അധികരിച്ച തുക സ്കോളർഷിപ്പായി നൽകിയിട്ടുണ്ട്. അധികം തുക സ്കോളർഷിപ്പായി നൽകാനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/22.12.2021) മറുപടി ലഭ്യമാക്കിയില്ല.

| നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | കോഴ്സ് | നൽകിയ തുക | അനുവദനീയമായ തുക | അധികം നൽകിയ തുക | ബിൽ റഫറൻസ് നമ്പർ/തീയതി |
|---|---|---|---|---|---|---|
| 1. | ശ്രീലക്ഷ്മി എസ്സ് ബ്ളോക്ക് നം.60 എഴിക്കാട് കുറിച്ചിമുട്ടം.പി.ഒ | BSc Chemistry | 30000 | 20000 | 10000 | 200506630149000936840, 13/01/2021 |
| 2. | പവിത്ര ജയകുമാർ ജയേഷ് ഭവൻ ഉളനാട്.പി.ഒ | BA Hindi | 30000 | 20000 | 10000 | -ടി- |
| 3. | ഗീതു ആർ വാത്തിപ്പറമ്പിൽ ഇലവുംതിട്ട പി ഒ | Bsc Zoology | 30000 | 20000 | 10000 | -ടി- |
| 4. | പൂജ സത്യൻ ജെ.എസ്സ് ഭവനം ഉള്ളന്നൂർ കുളനട | BBA | 30000 | 20000 | 10000 | -ടി- |
| 5. | സ്നേഹാ മധു മാലേത്തുകാലായിൽ ഇടയാറന്മുള പി ഒ | BA Economics | 30000 | 20000 | 10000 | -ടി- |
| 6. | ആർഷ എസ്സ് വട്ടമുകടിയിൽ കൈപ്പുഴ നോർത്ത് പി ഒ കുളനട | BA English | 25000 | 20000 | 5000 | 200506630149010509 03, 08/02/2021 |

| | | | | | | |
|---|---|---|---|---|---|---|
| 7. | മിഥുല പ്രകാശ് മിഥുൻ ഭവൻ മെഴുവേലി | BEd | 25000 | 20000 | 5000 | -ടി- |
| | ആകെ | | 200000 | 140000 | 60000 | |

പട്ടികയിലെ ക്രമ നമ്പർ 7 – മിഥുലാ പ്രകാശിന്റെ അപേക്ഷയിൽ രേഖപ്പെടുത്തിയത് പ്രകാരം ടിയാൾ പഠിക്കുന്ന കോഴ്സ് BEd ആണ് . എന്നാൽ കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

അധികം നൽകിയ തുക 60000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം തുക അടവാക്കി വിവരം ലഭ്യമാക്കാത്ത പക്ഷം അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-15 ഗുണഭോക്തൃ തെരഞ്ഞെടുപ്പിന്റെ വിശദാംശങ്ങൾ, ഹാജരാക്കിയില്ല

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം (പ്രോജക്ട് നമ്പർ 25/2020-21 )എന്ന പ്രോജക്ടിനായി 40 കസേരകളും, 40 മേശകളും വാങ്ങിയിട്ടുണ്ട്. പ്രോജക്ട് ചെലവിന്റെ രേഖയായി 40 വ്യക്തികൾക്ക് ഓരോ മേശയും കസേരയും വീതം വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണ് ലഭ്യമാക്കിയത്. വിവിധ ഗ്രാമപ്പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താക്കളുടെ അപേക്ഷകൾ, അർഹത തെളിയിക്കുന്ന രേഖകൾ ഇവ ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(നം.9/22.12.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഈ റിപ്പോർട്ട് ലഭിച്ച് രണ്ടു മാസത്തിനകം ഹാജരാക്കാത്ത പക്ഷം പ്രോജക്ടിനായി ചെലവഴിച്ച 198319 രൂപ (ബിൽ റഫറൻസ് നമ്പർ 20050663014900904049 തീയതി 07/01/2021) ഓഡിറ്റിൽ നിരാകരിക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

## 1-16 ഗുണഭോക്താവിനു തന്നെയാണ് ആനുകൂല്യം നൽകിയതെന്ന് ബോദ്ധ്യപ്പെട്ടിട്ടില്ല

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ മെറിറ്റോറിയൽ സ്കോളർഷിപ്പ് എന്ന പ്രോജക്ട് പ്രകാരം (പ്രോ.നം. 24/2020-2021) ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയതിൽ തുക ക്രെഡിറ്റ് ചെയ്തിട്ടുള്ള അക്കൗണ്ട് നമ്പരിലുള്ള പാസ്സ് ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറികൾ(3/16.12.2021, 9/22.12.2021)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | ബിൽ റഫറൻസ് നമ്പർ, തീയതി | തുക ക്രെഡിറ്റ് ചെയ്ത ബാങ്ക് അക്കൗണ്ട് നമ്പർ, IFSC Code | റിമാർക്സ് |
|---|---|---|---|---|---|
| 1. | ആരതിരാജു പുന്നകുഞ്ഞിയിൽ ഉള്ളന്നൂർ.പി.ഒ കുളനട | 20000 | 20050663014900904040, 07/01/2021 | 520481002090879, കോർപ്പറേഷൻ ബാങ്ക് , CORP0000246 | |
| 2. | നിരുപമ രാജ് കൊച്ചു കാലായിൽ ഉള്ളന്നൂർ പി ഒ കുളനട | 20000 | 20050663014900515841, 14/09/2020 | 67286102846, State Bank Of India SBIN0070243 | ഫയലിനോടൊപ്പം ഹാജരാക്കിയ പാസ്സ് ബുക്കിന്റെ പകർപ്പ് പരിശോധിച്ചതിൽ ടിയാളുടെ അക്കൗണ്ട് നമ്പർ 67286120846 |

| | | | | | |
|---|---|---|---|---|---|
| | | | | | ആണ്. |

തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽത്തന്നെയാണ് ക്രെഡിറ്റ് ചെയ്തതെന്ന് ഉറപ്പു വരുത്തുന്ന രേഖകൾ റിപ്പോർട്ട് ലഭിച്ച് രണ്ടു മാസത്തിനകം ഹാജരാക്കാത്ത പക്ഷം ചെലവഴിച്ച തുക നിരാകരിക്കുന്നതും തുക ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

## 1-17 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ പ്രവർത്തനം മോണിറ്ററിംഗ് വിധേയമാക്കുന്നില്ല

ആറന്മുള ഗ്രാമപ്പഞ്ചായത്തിലെ റിസോഴ്സ് റിക്കവറി ഫെസിലിറ്റി, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് എന്നിവയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് തുക ചെലവഴിക്കുന്നുണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം വിലയിരുത്തുന്നില്ല. 2020-21ൽ 163746 രൂപ (ബിൽ റഫറൻസ് നം. 20050663014600899562/06.01.21) ഈയിനത്തിൽ ക്ലീൻ കേരള കമ്പനിക്ക് നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത്, ആറൻമുള ഗ്രാമപ്പഞ്ചായത്ത്, ക്ലീൻ കേരള കമ്പനി എന്നിവർ ഉൾപ്പെട്ട, 06.07.2020ലെ ത്രികക്ഷി കരാറിന്റെ അടിസ്ഥാനത്തിലാണ് പണം നൽകിയിട്ടുള്ളത്.

റിസോഴ്സ് റിക്കവറി ഫെസിലിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് മൂന്ന് കക്ഷികളും ഓരോ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതാണെന്ന് കരാറിൽ വ്യവസ്ഥയുണ്ട്. ഈ ആവശ്യത്തിലേക്ക് ബ്ലോക്ക് പഞ്ചായത്തിൽനിന്നും ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി മുഖേന വിവരം തേടിയെങ്കിലും ലഭ്യമായില്ല.

പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ അതതു മാസത്തെ പ്രവർത്തന റിപ്പോർട്ട്, ഉല്പാദിപ്പിക്കപ്പെട്ടിട്ടുള്ള ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ അളവ്, യൂണിറ്റിന്റെ വരവ് ചെലവ് കണക്ക് എന്നിവ ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല.

പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ പ്രവർത്തനച്ചെലവ് കഴിച്ചുള്ള ലാഭത്തിന്റെ 50%തുക ബ്ലോക്ക് പഞ്ചായത്തിന് നൽകാമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ക്ലീൻ കേരള കമ്പനി ഈ വ്യവസ്ഥ പാലിച്ചിട്ടില്ല.

ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക്കിന്റെയും, റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിലേക്ക് എത്തിയതും വിപണനം ചെയ്യപ്പെട്ടതുമായ അജൈവമാലിന്യത്തിന്റെയും കണക്കുകൾ ബ്ലോക്ക് പഞ്ചായത്ത് പരിശോധിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തും ക്ലീൻ കേരള കമ്പനിയും തമ്മിൽ 18.08.2020ൽ ഏർപ്പെട്ട മറ്റൊരു കരാർ പ്രകാരം, സേവന കാലയളവിനുള്ളിൽ നാലുതവണ ക്ലീൻ കേരള കമ്പനിയുടെ സർവ്വീസ് വിസിറ്റ് ഉണ്ടായിരിക്കുന്നതും, പ്രസ്തുത സമയത്ത് മെഷിനറിയുടെ സൗജന്യ പരിശോധനയും അറ്റകുറ്റപ്പണികളും ചെയ്യുന്നതും, തേയ്മാനം സംഭവിച്ച/കേടായ ഭാഗങ്ങൾ മാറ്റി നൽകുന്നതുമാണ്. കരാറിൽ പറയും പ്രകാരം സർവ്വീസ് വിസിറ്റ് നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

റിസോഴ്സ് റിക്കവറി ഫെസിലിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച് 21.12.2021-ൽ 7-ാം നമ്പർ ഓഡിറ്റ് മുഖേന സെക്രട്ടറിയോട് വിവരങ്ങൾ തേടിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 സംയുക്ത പ്രോജക്ട്

പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ആവിഷ്ക്കരിച്ച താഴെപ്പറയുന്ന സംയുക്ത പ്രോജക്ടുകൾക്കായി 2020-21സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല.

| പദ്ധതിയുടെ പേര് | ജില്ലാ പഞ്ചായത്തിന് കൈമാറിയ വിഹിതം | റിമാർക്സ് |
|---|---|---|
| ജി.എൽ.പി.എസ് പൊങ്ങലടി ശതാബ്ദി മുറി നിർമ്മാണം(142/21) | 54000(വികസന ഫണ്ട് പൊതുവിഭാഗം) | അസി എഞ്ചിനിയറുടെ ട്രഷറി ബിൽബുക്ക് പ്രകാരം (ബിൽനം.57/20-21/31-03-21) 54000 രൂപ മാറി പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു. ആയതിന്റെ രേഖകൾ |

| | | |
|---|---|---|
| | | പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| - ടി - | 745483(വികസന ഫണ്ട് പൊതുവിഭാഗം) | 'ബിംസ്'' മുഖേന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു. ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. |
| കീരുകുഴി ദേശീയ വായനശാല(141/21) | 1000000(വികസന ഫണ്ട് പൊതുവിഭാഗം) | 'ബിംസ്'' മുഖേന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു. ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. |

## 1-19 ആരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്നുകൾ ലഭിക്കാനവശേഷിക്കുന്നു

തുമ്പമൺ, വല്ലന സാമൂഹിക ആരോഗ്യകേന്ദ്രങ്ങളിലേക്ക് മരുന്നു വാങ്ങുന്നതിനായി മുൻകൂറായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് പണം കൈമാറിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | അടച്ച തുക | ബിൽ നം/തീയതി | മരുന്നു ലഭിച്ചത് | ലഭിക്കാനുള്ളത് |
|---|---|---|---|---|
| തുമ്പമൺ സാമൂഹിക ആരോഗ്യകേന്ദ്രം | 363080 | 28/20-21 – 02.02.2021 | 220790 | 142290 |
| | 350000 | 30/20-21 – 17.02.2021 | 0 | 350000 |
| വല്ലന സാമൂഹിക ആരോഗ്യകേന്ദ്രം | 172400 | 06/20-21 – 02.07.2020 | 107123 | 65277 |
| | 77600 | 20/20-21 – 23.12.2020 | 21592 | 56008 |
| ആകെ | 963080 | | 349505 | 613575 |

മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## 3-1 അധിക നിരക്കിൽ സ്കോളർഷിപ്പ് നൽകി

ബിരുദ വിദ്യാർത്ഥികൾക്ക് അർഹമായതിലും അധിക നിരക്കിൽ സ്കോളർഷിപ്പ് നൽകിയതിനാൽ വികസന ഫണ്ടിൽ നിന്നും കൂടുതലായി ചെലവഴിച്ചത് 60000 രൂപ.

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖാ ഉത്തരവ് (22/2018/തസ്വഭവ. തീയതി 14.02.2018) ഖണ്ഡിക 7.2.5പ്രകാരം ബിരുദ വിദ്യാർത്ഥികൾക്ക് ഒരു വർഷം 20000 രൂപ മെറിറ്റോറിയസ് സ്കോളർഷിപ്പായി നൽകാവുന്നതാണ്. എന്നാൽ ചുവടെ ചേർക്കുന്ന വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി വികസന ഫണ്ട് വകയിരുത്തിയ പ്രോ.നം. 24/2020-2021പ്രകാരം നിശ്ചിത നിരക്കിലും അധികരിച്ച തുക സ്കോളർഷിപ്പായി നൽകിയിട്ടുണ്ട്. അധികം തുക സ്കോളർഷിപ്പായി നൽകാനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/22.12.2021) മറുപടി ലഭ്യമാക്കിയില്ല.

| നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | കോഴ്സ് | നൽകിയ തുക | അനുവദനീയമായ തുക | അധികം നൽകിയ തുക | ബിൽ റഫറൻസ് നമ്പർ/തീയതി |
|---|---|---|---|---|---|---|
| 1. | ശ്രീലക്ഷ്മി എസ്സ്<br>ബ്ളോക്ക് നം.60<br>എഴിക്കാട്<br>കുറിച്ചിമുട്ടം.പി.ഒ | BSc Chemistry | 30000 | 20000 | 10000 | 20050663014900936840,<br>13/01/2021 |
| 2. | പവിത്ര ജയകുമാർ<br>ജയേഷ് ഭവൻ<br>ഉളനാട്.പി.ഒ | BA Hindi | 30000 | 20000 | 10000 | -ടി- |
| 3. | ഗീതു ആർ<br>വാത്തിപ്പറമ്പിൽ<br>ഇലവുംതിട്ട പി ഒ | Bsc Zoology | 30000 | 20000 | 10000 | -ടി- |
| 4. | പൂജ സത്യൻ<br>ജെ.എസ്സ് ഭവനം<br>ഉള്ളന്നൂർ<br>കുളനട | BBA | 30000 | 20000 | 10000 | -ടി- |
| 5. | സ്നേഹാ മധു<br>മാലേത്തുകാലായിൽ<br>ഇടയാറന്മുള പി ഒ | BA Economics | 30000 | 20000 | 10000 | -ടി- |
| 6. | ആർഷ എസ്സ്<br>വട്ടമുകടിയിൽ<br>കൈപ്പുഴ നോർത്ത് പി ഒ<br>കുളനട | BA English | 25000 | 20000 | 5000 | 20050663014901050903,<br>08/02/2021 |
| 7. | മിഥുല പ്രകാശ്<br>മിഥുൻ ഭവൻ<br>മെഴുവേലി | BEd | 25000 | 20000 | 5000 | -ടി- |
| | ആകെ | | 200000 | 140000 | 60000 | |

പട്ടികയിലെ ക്രമ നമ്പർ 7 – മിഥുലാ പ്രകാശിന്റെ അപേക്ഷയിൽ രേഖപ്പെടുത്തിയത് പ്രകാരം ടിയാൾ പഠിക്കുന്ന കോഴ്സ് BEd ആണ് . എന്നാൽ കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

അധികം നൽകിയ തുക 60000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം തുക അടവാക്കി വിവരം ലഭ്യമാക്കാത്ത പക്ഷം അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ

സ്വീകരിക്കുന്നതാണ്.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ, പ്രോ.നം. 43/2020-21 | 2447000 | 0` | 2447000 |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ(എസ്സ്.സി.പി), പ്രോ.നം. 44/2020-21 | 2400000 | 0 | 2400000 |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ, പ്രോ.നം. 100/2020-21 | 668000 | 0 | 668000 |
| വാട്ടർ അതോറിറ്റി | കനകക്കുന്ന് മല കുടിവെള്ള പദ്ധതി, പ്രോ.നം. 117/2020-21 | 685000 | 0 | 685000 |
| കെ.എസ്സ് ഇ. ബി. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പ്രോ.നം. 101/2020-21 | 68864 | 0 | 68864 |
| കെ.എസ്സ് ഇ. ബി. | സ്ട്രീറ്റ് ലൈൻഎക്സ്റ്റൻഷൻ(എസ്സ്.സി.പി), പ്രോ.നം. 102/2020-21 | 138756 | 0 | 138756 |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രോ.നം. 122/2020-21 | 165183 | 0 | 165183 |
| കെ.എസ്സ് ഇ. ബി | സ്ട്രീറ്റ്മെയിൻ എക്സ്റ്റൻഷൻ പ്രോ.നം. 45/2020-21 | 469964 | 0 | 469964 |
| കെ.എസ്സ് ഇ. ബി | സ്ട്രീറ്റ്മെയിൻ എക്സ്റ്റൻഷൻ(എസ്സ് സി പി) പ്രോ.നം. 46/2020-21 | 155533 | 0 | 155533 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

### 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർച്ച് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2003-04 | 2(1) | പ്രീ മെട്രിക് ഹോസ്റ്റലിന് സ്ഥലം വാങ്ങിയത് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2004-05 | 2(3) | സ്കൂൾ ലൈബ്രറികൾ, ഐ.റ്റി.സി. എന്നിവയ്ക്ക് കമ്പ്യൂട്ടർ വാങ്ങി നൽകൽ | -ടി- |
| 2016-17 | 2-5 B | ഒരേ റോഡിൽ ഗ്രാമ- ബ്ലോക്ക് പഞ്ചായത്തുകൾ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു | -ടി- |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| (എ) സംക്ഷിപ്ത വിവരം | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 87779695 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72585572 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 60000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 198319 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | സർചാർജ്ജ് നടപടികൾക്ക് വിധേയമാക്കാവുന്നത് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 60000 | ബിജി ജി. എസ് പട്ടികജാതി വികസന ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 198319 | ബിജി ജി. എസ്, പട്ടികജാതി വികസന ഓഫീസർ |
| ആകെ | 198319 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ബിജി ജി. എസ്, | പട്ടികജാതി വികസന ഓഫീസർ പന്തളം ബ്ലോക്ക് ഓഫീസ് | റ്റി.സി 41/1759(1) മണക്കാട്, തിരുവനന്തപുരം- 695009 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

കുളനട ബ്ലോക്ക് പഞ്ചായത്ത്

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നമ്പർ/തീയതി |
|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ/പി5/26/00 തീയതി: 09.05.00 |
| 1999-2000 | എൽ.എഫ്.പി.റ്റി.എ/പി5/594/00 തീയതി: 30.01.01 |
| 2000-01 | എൽ.എഫ്.പി.റ്റി.എ/പി5/571/02 തീയതി: 03.02.03 |
| 2001-02 | എൽ.എഫ്.പി.റ്റി.എ/പി5/302/04 തീയതി: 04.08.04 |
| 2002-03 | എൽ.എഫ്.പി.റ്റി.എ/പി6/788/06 തീയതി: 08.02.07 |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി6/1029/07 തീയതി: 07.05.08 |
| 2004-05 | എൽ.എഫ്.പി.റ്റി.എ/പി6/1030/07 തീയതി: 12.05.08 |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി6/1031/07 തീയതി: 12.05.08 |
| 2006-07 | എൽ.എഫ്.പി.റ്റി.എ/പി3/426/08 തീയതി: 13.04.09 |
| 2007-08 | എൽ.എഫ്.പി.റ്റി.എ/പി3/875/09 തീയതി: 23.03.10 |
| 2008-09 | എൽ.എഫ്.പി.റ്റി.എ/പി3/943(എ)/11 തീയതി: 31.12.11 |
| 2009-10 &10-11 | എൽ.എഫ്.പി.റ്റി.എ/പി3/943(ബി)/11 തീയതി: 31.12.11 |

പന്തളം ബ്ലോക്ക് പഞ്ചായത്ത്

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നമ്പർ/തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | എൽ.എഫ്.പി.റ്റി.എ/പി6-389/06 തീയതി:31.01.07/07.07.08 | 2 |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി5-692/07 തീയതി:22.1.08/08.02.08 | 1 |
| 2004-05 | എൽ.എഫ്.പി.റ്റി.എ/ പി5/763 /07തീയതി26/3/08 | 14 |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി5-764/07 തീയതി:25.03.09 | 29 |
| 2006-07 | എൽ.എഫ്.പി.റ്റി.എ/പി5-527 /08തീയതി:25.03.09 | 29 |
| 2007-08 | എൽ.എഫ്.പി.റ്റി.എ/പി-3-874/09 | 16 |

| | | |
|---|---|---|
| | തീയതി:07.04.10 | |
| 2008-09 | എൽ.എഫ്.പി.റ്റി.എ/പി-2-31/11 തീയതി:04.10.11 | 12 |
| 2009-10 & 10-11 | എൽ.എഫ്.പി.റ്റി.എ/പി-2-256/13 തീയതി:08.10.13 | 17 |
| 2011-12 & 12-13 | എൽ.എഫ്.പി.റ്റി.എ/പി2/224/14 തീയതി:05.06.14 | 11 |
| 2013-14 | കെ.എസ്.എ.പി.റ്റി.എ/പി13-555/16 തീയതി02.06.2017 | 12 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി3- 1019/2016 20.09.2016 | 4 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി13-194/2017 10.05.2017 | 4 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി12-1323/18 07.12.17 | 8 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി12-324/19 20.05.19 | 17 |
| 2018-19 | നം.കെ.എസ്.എ.പി.റ്റി.എ.പി.12-854/2019 /15.10.2019 | 14 |
| 2019-20 | നം.കെ.എസ്.എ.പി.റ്റി.എ.പി.12-932/2021 /06.01.2022 | |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്